# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1890    17.03.2015-ൽ മറുപടിയ്ക്ക്

### പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി. കെ . നാണു<br>ശ്രീമതി. ജമീല പ്രകാശം | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| എ) | സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | അതോറിറ്റി രൂപീകരിച്ചതിനുശേഷം ആകെ ലഭിച്ച പരാതികൾ എത്ര ; ഇതിൽ തീർപ്പാക്കിയവ എത്ര; | (ബി) സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ ഇതുവരെ 1443 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 1085 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. |
| സി) | തീർപ്പാക്കലിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ? | (സി) ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചാണ് പരാതികളിന്മേൽ തീർപ്പ കല്പിക്കുന്നത്. പരാതിയുടെ ഗൗരവം അനുസരിച്ച് എതിർകക്ഷിയുടെ വിശദീകരണം വാങ്ങി പരിശോധിക്കുക, കേസ് ഡയറി ഉൾപ്പെടെയുള്ള രേഖകൾ വാങ്ങി പരിശോധിക്കുക, സാക്ഷികൾ ഉൾപ്പെടെയുള്ളവരുടെ തെളിവെടുപ്പ് നടത്തുക മുതലായവ നടത്തിയാണ് പരാതികളിന്മേൽ തീർപ്പ കല്പിക്കുന്നത്. അതോറിറ്റി അന്വേഷണം നടത്തുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അധികാരങ്ങൾ അതോറിറ്റിക്കുള്ളതിനാൽ അതനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പരാതികൾ തീർപ്പാക്കാൻ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ